സ്വകാര്യ ആശുപത്രികളും സ്വകാര്യ ലബോറട്ടറികളും

42 (749) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ ലാബോറട്ടറികളുടെയും പ്രവർത്തനരീതി പരിശോധിക്കുന്നതിന് സർക്കാർ തലത്തിൽ സംവിധാനമുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത്തരം സ്ഥാപനങ്ങൾക്കുള്ള പെരുമാറ്റചട്ടം കാലോചിതമായി പരിഷ്കരിക്കാറുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ ;

(സി) ഏത് ഏജൻസിയാണ് പ്രസ്തുത പരിശോധനകൾക്ക് മേൽനോട്ടം വഹിക്കുന്നത്; വിശദാംശം നൽകുമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും മെച്ചപ്പെട്ട സേവനം രോഗികൾക്ക് ലഭിക്കുന്നുണ്ടെന്ന് അധികൃതർ ഉറപ്പ് വരുത്താറുണ്ടോ ;

(ഇ) ഇത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് ; വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) ആരോഗ്യ വകുപ്പിന് സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ ലബോറട്ടറികളുടെയും മേൽ നിയന്ത്രണമില്ല. സ്വകാര്യ ആശുപത്രികൾ, ക്ലിനിക്കുകൾ, നഴ്സിംഗ് ഹോമുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം തുടങ്ങിയവയ്ക്കുവേണ്ടി 'ദി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ' സജീവ പരിഗണനയിലുണ്ട്. കരട് ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിയമ നിർമ്മാണം പൂർത്തിയായിട്ടില്ല.

(ഡി) സ്വകാര്യ ആശുപത്രികളിൽനിന്നും ലബോറട്ടറികളിൽനിന്നും മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്താനുള്ള അധികാരവും സംവിധാനവും നിലവിൽ ആരോഗ്യ വകുപ്പിനില്ല.

(ഇ) ഇത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് നിലവിൽ സംവിധാനങ്ങളില്ല.

LIBRARY ARCHIVES Kerala Legislative Assembly